പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1894 04.12.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി ഓഫീസുകളിൽ സി.സി.ടി.വി. ക്യാമറ

ചോദ്യം

ശ്രീ.ടി. വി. ഇബ്രാഹിം

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഓഫീസുകളുടെ പ്രവർത്തനം നിരീക്ഷിച്ച് കുറ്റമറ്റതാക്കുന്നതിനായി ഹെഡ് ഓഫീസിലും മറ്റ് യൂണിറ്റ് ഓഫീസുകളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനായി ആലോചനയുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഹെഡ് ഓഫീസിൽ സി.സി.ടി.വി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് യൂണിറ്റ് ഓഫീസുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനായി നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | ലൈൻ ഡ്യൂട്ടികളിലെ കാര്യക്ഷമതാവർദ്ധനവ് ലക്ഷ്യം കൈവരിച്ചതുപോലെ ഓഫീസുകളുടെ കാര്യക്ഷമതാവർദ്ധനവും ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി. ഓഫീസുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് തയ്യാറാകുമോ എന്നറിയിക്കുമോ; | (ബി) | നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (സി) | തിരുവനന്തപുരം സിറ്റി ഡിപ്പോ ഓഫീസിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചത് സംബന്ധിച്ച് എന്തെല്ലാം പരാതികൾ എവിടെ നിന്നെല്ലാം അധികൃതർക്ക് ലഭിച്ചു; വിശദമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത സംഘടനയായ കെ.എസ്.ആർ.ടി. എംപ്ലോയീസ് അസോസിയേഷൻ മുഖാന്തിരം പരാതി ലഭിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംഘടിത ശക്തി ഉപയോഗിച്ചും തെറ്റായ പ്രചാരണങ്ങളും നടത്തിയും ഇതിനെ എടുത്തുമാറ്റിക്കാൻ യൂണിയനുകൾക്കായെങ്കിൽ, കെ.എസ്.ആർ.ടി.സി. ഹെഡ് ഓഫീസുകളിലും യൂണിറ്റ് ഓഫീസുകളിലും ഇത് സ്ഥാപിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; | (ഡി) | സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനമെടുക്കുന്ന പക്ഷം ആയത് സ്ഥാപിക്കാൻ കഴിയുന്നതാണ്. |
| (ഇ) | ഇത്തരത്തിൽ വൻതുക ചെലവാക്കി സ്ഥാപിച്ച സി.സി.ടി.വി. ക്യാമറ എടുത്തുമാറ്റിയതു സംബന്ധിച്ച് ഗവൺമെന്റ് ഏജൻസിയെക്കൊണ്ട് അന്വേഷിക്കുമോ; ഏകദേശം രണ്ട് ലക്ഷം രൂപ ചെലവിട്ട് വാങ്ങി സ്ഥാപിച്ചതായ ക്യാമറ പ്രസ്തുത സ്ഥലത്തുതന്നെ അടിയന്തിരമായി പുനഃസ്ഥാപിക്കുന്നതിനോ അല്ലെങ്കിൽ തൽസ്ഥാനത്ത് മറ്റൊന്ന് സ്ഥാപിക്കുന്നതിനോ കർശന നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ഇ) | എടുത്തുമാറ്റിയ സി.സി.ടി.വി ക്യാമറകൾ പ്രസ്തുത യൂണിറ്റിൽതന്നെ മറ്റു സ്ഥലങ്ങളിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇളക്കിമാറ്റിയ ക്യാമറകൾക്കുപകരം പുതിയ ക്യാമറ സ്ഥാപിക്കുന്നതിന് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**